# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/knr/c9/621/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/06/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-17,1-18,1-19,1-20,1-32,1-37,1-38,1-39,1-40 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/knr/c9/621/2021 തീയ്യതി: 30/06/2021

# കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ (ഓഡിറ്റ് ഓഫീസർ ഹ ഗ്രേ )

ശ്രീമതി. ഉഷ.എ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )

ശ്രീമതി. വിപിന വത്സരാജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )

ശ്രീമതി. രാജിമ.എ.സി (സീനിയർ ഗ്രേഡ് ഓഡിറ്റർ )

ശ്രീമതി. ശ്രീജ.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ )

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീബ വി.എം. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സുജിത്ത് കുമാർ പയ്യമ്പള്ളി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അർച്ചന ശ്യാം കെ.ടി. | കൃഷി ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി സുവർണ്ണ ശ്യാം കെ.ടി. | കൃഷി ഓഫീസർ | 01-07-2019 | 01-09-2019 |
| ശ്രീമതി ബുഷറ ടി. | കൃഷി ഓഫീസർ | 02-09-2019 | 03-11-2019 |
| ശ്രീമതി രമ്യ രാജൻ കെ. | കൃഷി ഓഫീസർ | 04-11-2019 | 31-03-2020 |
| ഡോ. ലക്ഷ്മി പ്രഭ | വെറ്റിനറി സർജൻ | 01-04-2019 | 10-10-2019 |
| ഡോ. പി. ഷൈജി | വെറ്റിനറി സർജൻ | 11-10-2019 | 31-03-2020 |
| ഡോ. സാഹിന എ.കെ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. മുരളി മനോഹരൻ സി.കെ. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 01-04-2019 | 31-05-2019 |
| ഡോ. അരുൺ | മെഡിക്കൽ | 01-06-2019 | 11-08-2019 |

| | | | |
|---|---|---|---|
| പി.കെ. | ഓഫീസർ, ആയൂർവ്വേദ | | |
| ഡോ.ദീപാരാജ് വി.ടി. | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദ | 12-08-2019 | 14-01-2020 |
| ഡോ.മുഹമ്മദ് പി. | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദ | 14-01-2020 | 13-02-2020 |
| ഡോ. ദീപാരാജ് വി.ടി. | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദ | 14-02-2020 | 31-03-2020 |
| ഡോ. അനീന പി. ത്യാഗരാജ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രജിത്ത് ടി.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കതിരൂർ | 01-04-2019 | 31-03-2020 |
| ശ്രീ. വിനയഭാസ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൊന്ന്യം | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രജിന കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 11-06-2019 |
| ശ്രീമതി സന്ധ്യ എം.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-06-2019 | 31-03-2020 |
| ശ്രീ. സുജിത്ത് കുമാർ പി. | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. വിനീഷ് ടി. | ഹെഡ്മാസ്റ്റർ | 01-04-2019 | 05-06-2019 |
| ശ്രീ. വിനോദൻ പി. | ഹെഡ്മാസ്റ്റർ | 06-06-2019 | 31-03-2020 |
| ശ്രീമതി ഷാജ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ വി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 03-12-2019 |
| ശ്രീ. രവീന്ദ്രൻ തയ്യുള്ളപറമ്പത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 04-12-2019 | 16-12-2019 |
| ശ്രീ. സന്തോഷ് കുമാർ ജി. | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 24-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Lathavani (Audit Officer, On 24-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajima A.C (Senior Grade Auditor, On 26-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-5 |
| 6 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 26-06-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Sreeja.K (Auditor, On 25-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-9 |
| 10 | ഗ്രാമസഭ<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-10 |
| 11 | ആസ്തിസംരക്ഷണപദ്ധതി<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-11 |
| 12 | ആസ്തി പരിപാലന കമ്മിറ്റി<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-12 |
| 13 | ആസ്തിരജിസ്റ്റർ -അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 27-06-2021) | 1-13 |
| 14 | ആസ്തി പരിപാലനം - തുക ചെലവഴിച്ചത്<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 1-14 |
| 15 | ഇ- ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-15 |
| 16 | ദുരിതാശ്വാസ നിധി<br>Written By: Lathavani (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | |
| 18 | മൊബൈൽ ടെലഫോൺ ടവർ - അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 29-06-2021) | 1-18 |
| 19 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 29-06-2021) | 1-19 |
| 20 | വാടക -അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-20 |
| 21 | കാർഷിക പദ്ധതികൾ- അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 24-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1- 21 |
| 22 | കേഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 24-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-22 |
| 23 | റിടെൻഷൻ ഇനത്തിൽ അധികം നൽകിയ ₹2852 നിരാകരിക്കുന്നു.<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-23 |
| 24 | കാലി ടാർ ബാരൽ വിലയുടെ ജി എസ് ടി , ജി എസ് ടി വകുപ്പിൽ ഒടുക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-24 |
| 25 | ഇൻഡെന്റ് തയ്യാറാക്കുന്നതിലെ കാലതാമസവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കാത്തതും<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1- 25 |
| 26 | തെരുവ് വിളക്ക് റിപ്പയറിംഗും മാറ്റി സ്ഥാപിക്കലും അപാകങ്ങൾ -തുക 2,00,000 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 26-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 1-26 |
| 27 | ഗ്യാസ് ക്രിമിറ്റോറിയം A M Cപ്രവൃത്തി - കരാർ വ്യവസ്ഥകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നില്ല<br>Written By: Lathavani (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-27 |
| 28 | സെർവ്വർ കമ്പ്യൂട്ടറിന് A M C- രേഖകൾ ഹാജരാക്കിയിട്ടില്ല .തുക21,830 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 26-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-28 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-29 |
| 30 | പട്ടികജാതി സാംസ്ക്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 1-30 |

| | | |
|---|---|---|
| 31 | അംഗൻവാടികൾ-അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-31 |
| 32 | തുക മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല- തുക 200000 തടസ്സപ്പെടുത്തുന്നു<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 1-32 |
| 33 | വൗച്ചർ ലഭ്യമാക്കിയില്ല.11200 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 1-33 |
| 34 | മെഡിക്കൽ ഓഫീസർ ( ഹോമിയോ) - ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം<br>Written By: Usha.A (Asst. Audit Officer, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-34 |
| 35 | ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം<br>Written By: Sreeja.K (Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-35 |
| 36 | SSA വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-36 |
| 37 | കേരളോത്സവം -പദ്ധതി നിർവ്വഹണം ചെലവ് രേഖകൾ ഹാജരാക്കിയില്ല -98603 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-37 |
| 38 | തുടർ വിദ്യാഭ്യാസ പദ്ധതി - പദ്ധതി നിർവ്വഹണ അപാകങ്ങൾ<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-06-2021) | 1-38 |
| 39 | ചിത്രഗ്രാമം പദ്ധതി - പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-39 |
| 40 | സ്കൂളുകൾക്ക് പാചകപാത്രം വാങ്ങൽ- പദ്ധതി നടത്തിപ്പ് അപാകങ്ങൾ-22,089 തടസ്സപ്പെടുത്തുന്നു<br>Written By: Rajima A.C (Senior Grade Auditor, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 1-40 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ | 4-3 |

| | | |
|---|---|---|
| | വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: Lathavani (Audit Officer, On 25-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 26-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 4-10 |
| 11 | ഓഡിറ്റ് ഇംപാക്ട്<br>Written By: Lathavani (Audit Officer, On 27-06-2021)<br>Last Updated By: Lathavani (Audit Officer, On 30-06-2021) | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathavani (Audit Officer, On 25-06-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-06-2021) | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സപെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

ഭരണസമിതിയുടെ 28.02.2019 ലെ 62/19 നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 25.03.2020 ലെ 91/20 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 16224121.95 | 8470673.95 |
| വരവ് | 250587177.00 | 143582202.00 |
| ആകെ | 266811298.95 | 152052875.95 |
| ചെലവ് | 251541725.00 | 141809382.00 |
| നീക്കിയിരിപ്പ് | 15269573.95 | 10243493.95 |

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 29.05.2020 തീയതിയിലെ 103/20 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2020 | 16/06/2020 | തിരിച്ചയച്ചിട്ടില്ല | - |

ഓഡിറ്റിന്റെ ഭാഗമായി വാർഷിക കണക്കുകളുടെ പരിശോധന നടത്തി സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

വാർഷീക ധനകാര്യ പത്രിക അപാകങ്ങൾ

1.ബ്ലോക്ക് പഞ്ചായത്ത് വിഹിതം 707500 രൂപ ലഭിച്ചതിൽ 6,62500 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ I-6 ൽ 6,37,559 രൂപ മാത്രമേ ചേർത്തിട്ടുള്ളൂ. അതിനാൽ ബാലൻസ് ഷീറ്റിൽ 45,000 നീക്കിയിരിപ്പിന് പകരം 69,941 രൂപ രേഖപ്പെടുത്തി 24941 രൂപ അധിക ബാധ്യത കാണിച്ചു .(സാന്ത്വനം പദ്ധതിയ്ക്കായി ലഭിച്ച 1,50,000 രൂപ മുഴുവൻ ചെലവഴിച്ചിട്ടുണ്ടെങ്കിലും 1,25,059 രൂപ മാത്രമാണ് രേഖപ്പെടുത്തിയത്.)

2.വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതമിനത്തിൽ നേരിട്ട് ചെലവഴിച്ച തുക വാർഷീക ധനകാര്യപത്രികയിലും സുലേഖ ചെലവ് പത്രികയിലും രേഖപ്പെടുത്തിയിട്ടില്ല.

3.വികസന ഫണ്ട് (ജനറൽ),വികസന ഫണ്ട് (എസ് സി പി) ,സംരക്ഷണ ഗ്രാന്റ് ,ധനകാര്യ കമ്മീഷൻഗ്രാന്റ് എന്നിവയിൽ 1,43,38,661 രൂപ ക്യൂ ബിൽ ആയിട്ടുണ്ട്. തുക സാംഖ്യയിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല

4.പഞ്ചായത്ത് നൽകിയിട്ടുള്ള മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല .
ദുരിതാശ്വാസ നിധിയിലെ വൗച്ചർ നം 21900290 തീയതി 16.7.2019 പ്രകാരം പിൻവലിച്ച 1,000 രൂപ പണമാക്കാത്തത് ഈയിനത്തിലേയ്ക്ക് മാറ്റിയിട്ടില്ല .
5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,87,68,056.95 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,21,93,875.00 |
| ആകെ | 6,09,61,931.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,34,57,667.00 |
| നീക്കിയിരിപ്പ് | 1,75,04,264.95 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,852 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,53,722 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ തുക | ലാപ്സ് / നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,25,57,000 | 1,25,57,000 | 61,46,024 | 29,75,907 | 34,35,069 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9,45,000 | 9,45,000 | 4,07,900 | 4,53,020 | 84,080 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 1,70,000 | 1,70,000 | 0 | | തുക തിരിച്ചടച്ചു |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 81,04,000 | 81,04,000 | 19,18,278 | 44,11,970+ 10,60,000 (B D S ) | 7,13,752 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 37,98,000 | 37,98,000 | 21,21,070 | 9,20,780 | 7,56,150 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 95,99,366 | 95,99,366 | 40,22,382 | 55,76,984 | 0 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ഐ.സി.ഡി.എസ് | 953159 | 5,32,032 (പലിശ ഉൾപ്പെടെ ) | 14,85,191 | 1477812 | | 7379 |
| ടി.എസ്.സി | 171621 | | 171621 | | | 171621 |
| എം പി ഫണ്ട് | 1891 | 66 | 1957 | 1940(ബാങ്ക് ചാർജ്ജ് ഉൾപ്പെടെ | | 17 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഖരമാലിന്യം | 806789 | 0 | 806789 | 68,590 | | 7,38,199 |
| ശുചിത്വം | 4,60,000 | 0 | 4,60,000 | 4,60,000 | | 0 |
| വിമുക്തി | 37,500 | 0 | 37,500 | 4,500 | | 33,000 |
| കുടുംബശ്രീ | 45,347 | 0 | 45,347 | 45,347 | | 0 |
| മറ്റ് റവന്യൂ വരവുകൾ | | 6324 | 6324 | 6324 | | 0 |
| കേരളോത്സവം | | 20,000 | 20,000 | 20,000 | | |
| സാക്ഷരത | 10,223 | 414 | 10,637 | 0 | | 10,637 |
| ദുരിതാശ്വാസ നിധി | 363849 | 93712 | 457561 | 29,000 | | 428561 |
| ജലനിധി | 10,95,381 | 12,00,828 | 22,96,209 | 14,99,976 | | 7,96,233 |

വികസന ഫണ്ട് (ജനറൽ),വികസന ഫണ്ട് (എസ് സി പി) ,സംരക്ഷണ ഗ്രാന്റ് ,ധനകാര്യ കമ്മീഷൻഗ്രാന്റ് എന്നിവയിൽ 1.43കോടിരൂപ ക്യൂ ബിൽ ആയിട്ടുണ്ട്. 49.89ലക്ഷം ലാപ്സ് ആകുകയും ചെയ്തിട്ടുണ്ട്. വിവിധ ഗ്രാന്റിന്റെ ചെലവ് ശതമാനം ഇപ്രകാരമാണ് .

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 49% |
| എസ് സി പി | 43% |
| മെയിന്റനൻസ്, റോഡ് | 24% |
| | |

| | |
|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 56% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 42% |

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി ലഭിച്ച ഗ്രാന്റുകൾ മുഴുവൻ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് . സമൂഹംനേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായ ശുചിത്വ പരിപാലനത്തിനായി ലഭിച്ച തുക ചെലവഴിച്ചില്ല,ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ലഭിച്ച തുകയും നാമമാത്രമായാണ് ചെലവഴിച്ചത്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ് . തൻവർഷ ഗ്രാന്റ് വിനിയോഗ പത്രികകൾ ഐ.കെ.എം.തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗവിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം ) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം ) | ചെലവ് | നടപ്പാക്കാത്തവ (എണ്ണം ) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 122 | 62723586 | 60 | 24382626 | 42 | 37.8 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 99,89,213 | 21 | 16,77,958 | 11 | 52.38 |
| കൃഷി ഓഫീസർ | 25,31,619 | 11 | 14,19,372 | 11 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- കതിരൂർ | 7,44,600 | 9 | 4,94,507 | 8 | 88.88 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- പൊന്ന്യം | 28,86,400 | 4 | 5,00,000 | 3 | 75 |
| വെറ്ററിനറി സർജ്ജൻ | 19,55,806 | 6 | 7,94,604 | 6 | 100 |
| മെഡിക്കൽ ഓഫീസർ -ആയ്യൂർവേദ | 8,00,000 | 1 | 8,00,000 | 1 | 100 |
| മെഡിക്കൽ ഓഫീസർ | 27,63,360 | 8 | 21,78,979 | 8 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 27,63,360 | 8 | 21,78,079 | 8 | 100 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 4,25,000 | 3 | 3,10,580 | 2 | 66.66 |
| അസിസ്റ്റന്റ് സെക്രട്ടറി | 18,84,350 | 5 | 3,07,072 | 3 | 60 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 3,20,75,238 | 77 | 1,05,75,592 | 55 | 71.42 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 31,63,000 | 8 | 27,57,925 | 6 | 75 |
| ഹെഡ് മിസ്ട്രസ്സ് | 35,05,000 | 11 | 25,66,937 | 8 | 72.72 |
| | 6,27,23,586 | 164 | 2,43,82,626 | 122 | 74.39 |

ആസൂത്രണ സമിതി

ആസൂത്രണ സമിതി ഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല .ആസൂത്രണ സമിതിയിൽ 14 അംഗങ്ങൾ ഉണ്ട് .2019-20 വാർഷീക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് എല്ലാ പഞ്ചായത്തിലും 2.10.2018ന് ആസൂത്രണ സമിതി ,വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരേണ്ടതാണെന്ന ഗവ: നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 31/10/18 ന് യോഗം ചേർന്നിട്ടുണ്ട്. 31.10.2018ന് ചേർന്ന യോഗത്തിൽ സമയബന്ധിതമായി പ്രോജക്റ്റ് രൂപീകരണപ്രക്രീയകൾ നടത്തുന്നതിനും പദ്ധതികൾക്ക് ഡി പി സി അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചു .3/10/18 ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിൽ 2019-20 വർഷത്തെ പദ്ധതികളുടെ കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി അവതരിപ്പിച്ചു . 2019-20 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 1/11/18 ന് നടന്ന വികസനസെമിനാറിൽ 171 പേർ പങ്കെടുത്തു .സെമിനാറിൽ 2019-20 കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചു ..

വർക്കിംഗ് ഗ്രൂപ്പ് -

2019-20 വാർഷീക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജൈവവൈവിധ്യമാനേജ്മെന്റ് , കാലാവസ്ഥവ്യതിയാനം ,പരിസ്ഥിതിസംരക്ഷണം ,ദുരന്ത നിവാരണം എന്ന പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട് . വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2018-19 സാമ്പത്തിക വർഷം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തൻ വർഷം രണ്ടോ മൂന്നോ തവണ യോഗം ചേർന്നിട്ടുണ്ട്. ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ കൃത്യമായി തീരുമാനം രേഖപ്പെടുത്തുന്നില്ല. ഉദാ- പട്ടികജാതി പട്ടിക വർഗ്ഗം, വനിതവികസനം, സാമൂഹ്യനീതി . മിനുട്സിൽ പങ്കെടുത്തവരുടെ പേരും ഒപ്പും മാത്രം രേഖപ്പെടുത്തുന്നു. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് തൻ വർഷം യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തൽ ഇല്ല.വർക്കിംഗ് ഗ്രൂപ്പ് പോജക്ടുകൾ കൃത്യമായി മോണിറ്റർ ചെയ്യുന്നത് സംബന്ധിച്ച് മിനുട്സിൽ രേഖപ്പെടുത്തൽ ഇല്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റി - പ്രതിമാസം 2 തവണ വീതം യോഗം ചേരുന്നുണ്ട്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പൊതുഭരണം,നികുതി പിരിവ് അവലോകനം എന്നിവ കൃത്യമായി നടത്തുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാമൂഹ്യസുരക്ഷപെൻഷൻ ,പദ്ധതി അവലോകനം എന്നിവ നടത്തുന്നുണ്ട്. എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.സ്റ്റാന്റിംഗ് തമ്മിറ്റികൾ പദ്ധതി പുരോഗതി വിലയിരുത്തുകയും പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്

വികസന സെമിനാർ- 2019-20 വാർഷീക പദ്ധതിരൂപീകരണത്തിനായി കരട് പദ്ധതിരേഖ ചർച്ച ചെയ്യുന്നതിന് 1/11/18 ന് വികസന സെമിനാർ കൂടിയിട്ടുണ്ട്.സെമിനാറിൽ കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു .14/12/18 ലെ തീരുമാനം നമ്പർ1 ,ഫയൽ നമ്പർ 1/18 പ്രകാരം 2019-20 വാർഷീക പദ്ധതി ഭരണസമിതി അംഗീകരിച്ചു

## 1-6 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | 2007 | 160869 | 162876 | 1 ,59,517 | | 1,922 |

| | | | | | | |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | | | | | 1,437 (തിരിച്ചടച്ചത്) | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,32,15,000 | 1,32,15,000 | 1,32,15,000 | | |

കതിരൂർ ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി 2019-2020 വർഷത്തേക്ക് തയ്യാറാക്കിയ ആക്ഷൻപ്ലാനിൽ 480 പദ്ധതികളായിരുന്നു ഉണ്ടായിരുന്നത്. അവയിൽ 103 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. അതിൽത്തന്നെ 36 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ആസ്തി രൂപീകരണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

- ആകെ പദ്ധതികളുടെ എണ്ണം-200
- നടപ്പാക്കിയവയുടെ എണ്ണം -52
- ആകെ അടങ്കൽ 1578000
- ആകെ ചെലവ് 170000

നടപ്പാക്കിയ പ്രവൃത്തികളുടെ തരംതിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| കിണർ നിർമ്മാണം | 2 |
| കിണർ റീച്ചാർജ്ജ് | 11 |
| തൊഴുത്ത് നിർമ്മാണം | 6 |
| ആട്ടിൻകൂട് നിർമ്മാണം | 3 |
| കോഴിക്കൂട് നിർമ്മാണം | 7 |
| കമ്പോസ്റ്റ് നിർമ്മാണം | 19 |
| ഫാംപോണ്ട് നിർമ്മാണം | 4 |

2019-20 ൽ ആകെ 36024 തൊഴിൽ ദിനങ്ങളാണ് ലക്ഷ്യമിട്ടത്. 40134 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 584 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടു. 290 കുടുംബങ്ങൾക്ക് നൂറ് ദിനം തൊഴിൽ നൽകിയിട്ടുണ്ട്.

മുഴുവൻ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 14,71,800 | 534 |
| വിധവാ പെൻഷൻ | 62,04,000 | 118 |
| വാർധക്യകാല പെൻഷൻ | 1,33,51,200 | 552 |
| വികലാംഗ പെൻഷൻ | 18,98,900 | 33 |
| അവിവാഹിത പെൻഷൻ | 20,55,600 | 12 |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)O വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2021 തീയതി 2.40 PMമണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹30738 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം യോഗം ചേർന്നിട്ടില്ല. ഓഫീസ് ഓർഡർ കൃത്യമായി പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ജീവനക്കാർക്ക് സമഗ്ര ജോലി വിഭജനം നടത്തി കൊണ്ടുള്ള ഉത്തരവ് ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല .വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്. നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പെർമ്മിറ്റ് എടുത്ത നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കൽ നടത്തിയിട്ടുണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി ഫീൽഡ് വർക്ക് നടത്തുവാനായി വാർഡ് ക്ലാർക്ക്മാർക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും , ഇപ്രകാരം നിയമാനുസൃത നികുതി നിർണ്ണയം നടത്തിയിട്ടില്ല .

പദ്ധതി ആസൂത്രണം ,നിർവ്വഹണം,പുരോഗതി എന്നിവ വിലയിരുത്തുന്നതിനായി ഉദ്യോഗസ്ഥരുടെ യോഗം പ്രതിമാസം ചേരുന്നുണ്ടെങ്കിലും ഹാജർ കുറവായതിനാൽ ചില യോഗങ്ങൾ മാറ്റി വയ്ക്കേണ്ടി വന്നിട്ടുണ്ട്.12 നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഹാജർ ഒരു യോഗത്തിലും ഉണ്ടായിട്ടില്ല .സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൃത്യമായി ചേർന്നിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഡയറിയിൽ സേവനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല .തൊഴിൽരഹിതവേതനമിനത്തിൽ ചെലവുകളൊന്നും ഉണ്ടാകാത്തത് അഭിനന്ദനാർഹമാണ്.

ആസ്തിരജിസ്റ്റർകാലികമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാര്യങ്ങളിലേയ്ക്ക് ഭരണസമിതിയുടേയും,സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും നിരന്തരമായ വിലയിരുത്തൽ ഉണ്ടാവേണ്ടതാണ് .

## 1-10 ഗ്രാമസഭ

ഗ്രാമസഭ ജൂലൈ, ഒക്ടോബർ, ഡിസംബർ, ഫിബ്രവരി മാസങ്ങളിൽ യോഗം ചേർന്നിട്ടുണ്ട് . ഹരിത ഗ്രാമസഭ ,വാർഷിക പദ്ധതി അവലോകനം , ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ വായിച്ച് അംഗീകരിക്കൽ, ക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട് . എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ തൊഴിലുറപ്പ് ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട് .

## 1-11 ആസ്തിസംരക്ഷണപദ്ധതി

29-01-2018 ലെ സർക്കാർ ഉത്തരവിലെ [നമ്പർ (കൈ)11/2018/തസ്വഭവ] ഖണ്ഡിക 6.7 പ്രകാരം ആസ്തി സംരക്ഷണം സംബന്ധിച്ച് ചുവടെപരാമർശിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എ)മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ബി) സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലെ ആസ്തി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്കവിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഭാവിയിൽ ആസ്തി സംരക്ഷണ പദ്ധതികൾ തയ്യാറാക്കി വകയിരുത്തിയതും ചെലവഴിച്ചതുമായ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും വാർഷികകലണ്ടർ തയ്യാറാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-12 ആസ്തി പരിപാലന കമ്മിറ്റി

08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.പഞ്ചായത്തിൽ 17-11-2018 ലെ 6/1 നമ്പർ തീരുമാന പ്രകാരം ആസ്തി പരിപാലന കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

22-11-2018 ന് നടന്ന ആസ്തി പരിപാലന കമ്മിറ്റിയുടെ യോഗത്തിൽ 2017-18 വർഷം വരെ പൂർത്തിയാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപ്രകാരം കാലികമാക്കിയിട്ടില്ല.

ആസ്തികളിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേകം സൂക്ഷിക്കുന്നുണ്ട്. ആയത് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്.

ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-13 ആസ്തിരജിസ്റ്റർ -അപാകങ്ങൾ

പരിശോധനക്ക് ലഭ്യമാക്കിയ ആസ്തിരജിസ്റ്ററിലെ അപാകതകൾ താഴെ കൊടുക്കുന്നു

- ആസ്തിരജിസ്റ്ററിൽ നിന്നും ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ ആസ്തികൾ ഒഴിവാക്കിയിട്ടില്ല.
- പി.എച്ച്.സിയിൽ വാങ്ങിയ പല ഉപകരണങ്ങളും ഏത് വർഷം വാങ്ങിയതാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല.
- പഞ്ചായത്തിലെ റോഡുകൾ ഒടുവിൽ മെയിന്റനൻസ് ചെയ്തത് എപ്പോഴെന്നത് സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.
  ആസ്തി രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല
  ആസ്തി രജിസ്റ്റർ പരിപാലനവുമായി ബന്ധപ്പെട്ട മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-14 ആസ്തി പരിപാലനം - തുക ചെലവഴിച്ചത്

കതിരൂർ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ആസ്തി സംരക്ഷണത്തിനായി റോഡ്,റോഡിതര സംരക്ഷണഗ്രാന്റ് ഫണ്ട് ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | റോഡ് | റോഡിതരം |
|---|---|---|
| ആകെ പദ്ധതികൾ | 16 | 26 |
| അടങ്കൽ | 89,04,000 | 24,98,000 |
| ചെലവ് | 19,18,278 | 8,21,070 |
| നടപ്പാക്കിയ പദ്ധതികൾ | 4 | 23 |

ആസ്തിസംരക്ഷണത്തിനായി വകയിരുത്തിയ തുകയുടെ വളരെ ചെറിയ ശതമാനം മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല. അടിയന്തരമായി പ്രസ്തുത നികുതികളെല്ലാം അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഭൂനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആസ്തി സംരക്ഷണത്തിനായി വകയിരുത്തിയ തുക ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തി ആസ്തികളുടെ പരിപൂർണ്ണസംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്

## 1-15 ഇ- ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് , ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായത് സംബന്ധിച്ചും, നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടും നൽകിയ 23.6.21ലെ 13ാം നം ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ, 31.8.2020 വരെയുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തതെന്നും, 1.9.2020 മുതൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യുകയെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതിന് കത്ത് നൽകിയിട്ടും നാളിതുവരെയായി നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും, അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ള തുക സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചിരിക്കുന്നു. തുക തിരികെ ലഭിക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-16 ദുരിതാശ്വാസ നിധി

പേമാരി,വെള്ളപ്പൊക്കം ,മറ്റ് പ്രകൃതി ക്ഷോഭങ്ങൾ,മാറാരോഗംമുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെദുരിതനിവാരണാർത്ഥംഅടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ച നിധിയാണ് ദുരിതാശ്വാസ നിധി. (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും). കതിരൂർ സർവ്വീസ് സഹകരണ ബാങ്കിലാണ് നിധിയുടെ ഇടപാടുകൾ നടത്തുന്നത്.തൻ വർഷം 79,000 രൂപ വരവും 29,000 ചെലവും , 4,28,561 രൂപ നീക്കിയിരിപ്പും ഉണ്ട് . നിധിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

മേൽചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (2) പ്രകാരം ദുരിതാശ്വാസ നിധിയ്ക്ക് പ്രസിഡണ്ടും ,സെക്രട്ടറിയും ,ഗ്രാമ പഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡണ്ടും,കൺവീനർ സെക്രട്ടറിയുംആയിരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല .അപേക്ഷ പരിശോധിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്. ധനസഹായം നൽകാൻ തീരുമാനിക്കുന്നതിന് മുൻപ് അപേക്ഷകന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിക്കാവുന്ന ധനസഹായത്തെക്കുറിച്ച് പരിഗണിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള നടപടികളെടുത്തിട്ടുണ്ടോഎന്ന് വ്യക്തമല്ല

പേമാരി ,പ്രളയം,പ്രകൃതിക്ഷോഭങ്ങൾ തുടങ്ങി മറ്റ് ദുരിതങ്ങൾ അനുഭവിക്കുന്നവർക്കും ധനസഹായം നൽകാമെന്നുണ്ടെങ്കിലും കതിരൂർ പഞ്ചായത്തിൽ മാറാരോഗത്താൽ കഷ്ടപ്പെടുന്നവർക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. ചട്ടം 7പ്രകാരം നിധിയിലേയ്ക്ക് സംഭാവന നൽകിയവരുടേയും, അപേക്ഷിച്ചവരുടേയും,ധനസഹായം ലഭിച്ചവരുടേയും പേര് വിവരങ്ങളും കണക്കുകളും യഥാസമയം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ഗ്രാമ സഭകളിൽ അറിയിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല . ഭരണസമിതി തീരുമാനം സകർമ്മ ഓൺലൈനായതിനാൽ പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നതാണെന്നും ,ഭാവിയിൽ ധനസഹായം അനുവദിക്കുമ്പോൾ ഗ്രാമസഭകളിൽ പേര് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ചട്ടപ്രകാരം സബ് കമ്മിറ്റി രൂപീകരിക്കേണ്ടതും മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 1-17 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2014-15, 2015-16,2016-17 കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും

വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം,കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം(ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം(ച.മീ) |
|---|---|---|---|---|---|
| 1 | 4/511 | അഞ്ചാകുടി പദ്മനാഭൻ | B2-69/2014-15 29-6-17 | 61.08(ഒന്നാം നില) | 43(താഴത്തെ നില) |
| 2 | 11/526 | പൊയ്യേരി ആനന്ദവല്ലി | B2-110/2014-15, 6-8-2017 | 70.2 (ഒന്നാം നില) | 76(താഴത്തെ നില |
| 3 | 15/24B | സുനിൽ കുമാർ ഇളന്തോടത്ത് | B2-240/15-16, 17-1-19 | 94.57(ഒന്നാം നില) | 132(താഴത്തെ നില |
| 4 | 2/359 | ചെകിടിയൻ രമേശൻ | B2-133/2016-17, 30-9-19 | 51.31(ഒന്നാം നില) | 55.16താഴത്തെ നി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 15തീയതി 23-6-2021) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-18 മൊബൈൽ ടെലഫോൺ ടവർ - അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടെലഫോൺ ടവറുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആകെ 6 ടവറുകളുള്ളതിൽ നാലെണ്ണത്തിന് നികുതി നിർണയം നടത്തിയതായി അറിയിച്ചിട്ടുണ്ട്. അനധികൃത നിർമാണം കണ്ടെത്തുന്നതിനായി വാർഡ് ക്ലർക്കുമാർ നടത്തിയ ഫീൽഡ് തല പരിശോധനയിൽ Wireless TT Info Service Limited എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഒരു ടവർ പൊന്ന്യം വെസ്റ്റിലെ ജോളി ലൈബ്രറി കെട്ടിടത്തിനു മുകളിലായും മറ്റൊന്ന് പതിനഞ്ചാം വാർഡിലെ ശ്രീമതി ഭാരതി,സായി നിവാസ് എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച ടവറുകൾ കൂടാതെ 2015-16 കാലയളവിലെ ബിൽഡിംഗ് പെർമിറ്റ് പരിശോധിച്ചതിൽ INDUS TOWER LTD , Kochi എന്ന കമ്പനിക്ക് ടവർ നിർമ്മാണത്തിനായി 227/2015-16 നമ്പർ പ്രകാരം 21-1-2016 മുതൽ 20-1-2017 വരെയുള്ള കാലയളവിലേക്ക് പെർമിറ്റ് അനുവദിക്കുകയും തുടർന്ന് കാലാവധി അവസാനിച്ചതിനാൽ ഒരു വർഷത്തേക്ക് കൂടി പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച്(B3 590/17) നൽകുകയും ചെയ്തിട്ടുണ്ട്.നിലവിൽ പെർമിറ്റ് കാലാവധി കഴിഞ്ഞ് മൂന്ന് വർഷത്തോളമായ ഈ ടവറിന്റെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകൾ യഥാസമയം കണ്ടെത്തി നികുതി ചുമത്താത്തതിനാൽ വസ്തുനികുതിയിനത്തിൽ നഷ്ടം ഉണ്ടാവുന്നുണ്ട്.മുഴുവൻ ടവറുകളുടെയും നിർമ്മാണം പൂർത്തിയാക്കിയ തീയതി കണ്ടെത്തി പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ടവറുകൾ അനധികൃത നിർമാണമായി കണക്കാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2019-20കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിരുന്നില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | കെ വിനോദൻ | 3/651 | ഉപാസന അപ്പാരൽസ് | 4 |
| 2 | റിജീഷ് കെ | 16/424,425 | ഗ്ലോബൽ ഇലക്ട്രിക്കൽ & പ്ലംബിംഗ് | 3 |
| 3 | മാറോളി വാസന്തി | 4/211 A | പ്രകാശ് ട്രേഡേഴ്സ് | 6 |
| 4 | ഏലിയാമ്മ മാത്യു | 14/73,74 | എസ് എസ് ഇൻഡസ്ട്രീസ് | 6 |
| 5 | എഴുത്തൻ ബാലൻ | 4/199 | ഈയാർ ബ്രദേഴ്സ്, വസ്ത്ര വ്യാപാരം | 6 |
| 6 | ഷക്കീൻ | 15/580 | ദിയ ടൂർസ് & ട്രാവൽസ് | 2 |
| 7 | സുജേഷ് പുളിയുള്ളതിൽ | 14/15 | പ്രിയ മാരുതി ഓട്ടോ ഗാരേജ് | 3 |
| 8 | ശരത്ത് കുമാർ വി പി | 5/164,165 | ശ്രേയസ്സ് ഇന്റർലോക്ക് | 3 |
| 9 | പി പത്മിനി | 14/92 | അഭിലാഷ് ട്രേഡേഴ്സ് | 8 |
| 10 | രമ കെ | 12/387,388 | പ്രയാഗ ഹോട്ടൽ | 5 |
| 11 | അഷ്ഹാക്ക് തേരക്കടവത്ത് | 3/383 | ദി ബെസ്റ്റ് വേ ടൂർസ് &ട്രാവൽസ് | 4 |
| 12 | ഷൈജ പി വി | 14/469 | തനിമ സ്കൂൾ കാന്റീൻ | 3 |
| 13 | കെ സി ബഷീർ | 15/397 | മാർബിൾ വില്ലേജ് | 9 |
| 14 | വയക്കര ഭാസ്കരൻ | 12/168 | വി കെ ഇൻഡസ്ട്രീസ് | 4 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം-17തീയതി 23-6-21) നൽകിയതിനെ തുടർന്ന് മേൽ പട്ടികയിലെ ക്രമ നം 1 മുതൽ 10 വരെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 24074 രൂപ പലിശ

ഉൾപ്പെടെ ഈടാക്കിയിട്ടുണ്ട്.ക്രമ നം 10, 11 പ്രകാരമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.ക്രമ നം ,13,14പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## 1-20 വാടക -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 16/93 നമ്പർ കെട്ടിടം ശ്രീമതി സുനിത.കെ, തിട്ടയിൽ ഹൗസ് എന്നിവർക്ക് 2005-06 മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ശ്രീമതി സുനിത.കെ 2018 മാർച്ച് മാസത്തിൽ 2018 ഏപ്രിൽ മാസം 1ാം തീയതി മുതൽ 11 മാസത്തേക്ക് വാടക കരാർ വെച്ചതിനുശേഷം 2019-20 വർഷത്തേക്ക് കരാർ പുതുക്കി കാണുന്നില്ല. എന്നാൽ 2019-20 വർഷവും പ്രസ്തുത വ്യക്തി തന്നെ കെട്ടിടം ഉപയോഗപ്പെടുത്തിയതായി കാണുന്നു. രജിസ്റ്റർ പ്രകാരം പ്രതിമാസം 5378 രൂപ വാടക നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ടിയാരി 2019-20 വർഷത്തിൽ വാടകയിനത്തിൽ തുക അടവാക്കിയിട്ടില്ല.ആയതിനാൽ ഈ ഇനത്തിൽ പിഴ പലിശയും ജി എസ് ടിയും ഉൾപ്പെടെ ആകെ 80670 രൂപ കുടിശ്ശികയുണ്ട്. കൂടാതെ തൻവർഷം ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. പ്രതിമാസം വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതും 2019-20 വർഷം കരാർ വെയ്ക്കാത്തതും സംബന്ധിച്ച് വാടക കരാർ അവസാനിച്ച് ഒന്നര വർഷത്തിന് ശേഷമാണ് വാടകക്കാരിക്ക് സെക്രട്ടറി നോട്ടീസ് നൽകി കാണുന്നത്.യഥാസമയം നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-26 തീയതി 24-6-21) ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 802/2020 നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി അടവാക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകിയതിനാലാണ് കാലതാമസം നേരിട്ടതെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മാസാമാസം വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വ്യക്തിക്ക് 2019-20 സാമ്പത്തിക വർഷത്തിനിടയിൽ ഒരു തവണപോലും നോട്ടീസ് നൽകാതിരുന്നതും കരാർ വെക്കാതെയും ഭരണ സമിതി തീരുമാനം ഇല്ലാതെയും കെട്ടിടം ഉപയോഗിക്കുന്നതിന് യഥാസമയം നടപടികൾ കൈക്കൊള്ളാതിരുന്നതും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. നിലവിൽ കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1- 21 കാർഷിക പദ്ധതികൾ- അവലോകനം

2019-20 വർഷത്തിൽ കതിരൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 11 പദ്ധതികൾ നടപ്പാക്കുകയുണ്ടായി. പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 1430300 | 907861 |
| തനത് ഫണ്ട് | 184819 | 85661 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 212500 | 212500 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 210000 | 209350 |
| ഗുണഭോക്തൃവിഹിതം | 494000 | 4000 |
| ആകെ | 2531619 | 1419372 |

തെങ്ങ് കൃഷിക്കനുയോജ്യമായ കാലാവസ്ഥയും മണ്ണുമാണ് പഞ്ചായത്തിലുള്ളത് എന്ന് കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 പദ്ധതിരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭൂരിഭാഗം കർഷകരും കാലാകാലമായി

നാളികേരകൃഷിയിൽ ഏർപ്പെടുന്നു. പദ്ധതിരേഖയിൽ പ്രതിപാദിച്ച കണക്കനുസരിച്ച് ഈ മേഖലയിൽ ഉത്പാദനക്ഷമത വളരെ കുറവാണ്. തെങ്ങിന് ജൈവവളം, കുമ്മായം എന്ന പദ്ധതിക്കായി തൻ വർഷം ₹6,25,000 വികസനഫണ്ട് വകയിരുത്തിയെങ്കിലും ₹2,30,061 മാത്രമാണ് ചെലവഴിച്ചത്. ഭൂരിഭാഗം പേരും തെങ്ങ് കർഷകരായിരുന്നിട്ടും ഉത്പാദനക്ഷമത വളരെ കുറവായിരുന്നിട്ടും വകയിരുത്തിയ തുകയുടെ പകുതി പോലും ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ സാഹചര്യം പരിശോധിക്കേണ്ടതാണ്.

കൃഷിപ്പണിക്ക് വേണ്ട യന്ത്രങ്ങൾ യഥാസമയം ലഭ്യമാകാത്തത് കൊണ്ട് കർഷകർക്ക് ചിലപ്പോൾ വൻനഷ്ടം വരുന്നു എന്നാണ് പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നത്. എന്നാലിത് പരിഹരിക്കാനുതകുന്ന പദ്ധതികളൊന്നും തയ്യാറാക്കിയതായി കാണുന്നില്ല. കാർഷികമേഖലയിൽ നൂതനപദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിലെ പ്രധാന ഉത്പാദനമേഖലയായ കാർഷികമേഖലയുടെ അഭിവൃദ്ധിക്കു സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കി പഞ്ചായത്തിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ഉറപ്പുവരുത്തുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 1-22 ക്യാഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല

ജി ഒ (പി )നമ്പർ 177/2006/ഫിൻ തീയ്യതി.12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് – ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കണം. കതിരൂർ പഞ്ചായത്ത് കൃഷിഓഫീസറുടെ ടി ആർ 7 എ ക്യാഷ് ബുക്കിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വരവുകളും ചെലവുകളും ഉൾപ്പെടുത്തിന്നില്ല. ഡിപ്പാർട്ട്മെന്റ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ക്യാഷ് ബുക്ക് മാത്രം ഉപയോഗിക്കേണ്ടതാണ്

## 1-23 റിടെൻഷൻ ഇനത്തിൽ അധികം നൽകിയ ₹2852 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റിന്റെ പേര്/ നമ്പർ | 106/20 ചുണ്ടങ്കപൊയിൽ യങ്ങ്സ്റ്റാർ ക്ലബ് കടമ്പിൽ ക്ഷേത്രം പഞ്ചാരമുക്ക് റോഡ് ടാറിംഗ് – സ്പിൽ ഓവർ |
| അടങ്കൽ | 519901(മെയിന്റനൻസ് ഫണ്ട് റോഡ്) |
| ചെലവ് | 519901 |
| ബിൽ തുക | 5/19-20,5.4.19 ₹ 3,83,989<br>48/19-20, 20.7.19 ₹ 1,35,912 |

മേൽ പ്രവൃത്തി കരാറുകാരൻ മുഖേനയാണ് നടപ്പിലാക്കിയത് .ഒന്നാം പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുകയായ 9713 രൂപ( 388511*2.5%= 9713 ) കുറവ് ചെയ്തിരുന്നു. എന്നാൽ 2nd And Final ബില്ലിനോടൊപ്പം റിടെൻഷൻ തുകയായ 9713 രൂപയ്ക്ക് പകരം 12565 രൂപ കൂട്ടിയത് കാരണം 2852 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട് . ഇത് നോട്ട പിശക് കാരണം സംഭവിച്ചതാണെന്നും അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി . റീടെൻഷൻ ഇനത്തിൽ അധികം നൽകിയ 2852 രൂപ നിരാകരിക്കുന്നു .തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കേണ്ടതാണ് .

## 1-24 കാലി ടാർ ബാരൽ വിലയുടെ ജി എസ് ടി , ജി എസ് ടി വകുപ്പിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് (റോഡ് )എന്നീ ഇനങ്ങളിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരൽ വിലയുടെ ജി എസ് ടി സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത് ( നം- 722031400000006 ) . ഇപ്രകാരം ഈടാക്കുന്ന തുക ജി എസ് ടി

വകുപ്പിൽ അടവാക്കുന്നത് സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ 23.6.21 ലെ 13 ാം നം ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ , സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതെന്നും സെക്രട്ടറിയാണ് നടപടി സ്വീകരിക്കേണ്ടതെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ് .

## 1- 25 ഇൻഡെന്റ് തയ്യാറാക്കുന്നതിലെ കാലതാമസവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കാത്തതും

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റ് നമ്പർ | S0019/20 |
| പ്രോജക്റ്റിന്റെ പേര് | എൻ ആർ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്കും ,കതിരൂർ ഗവ. ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ |
| വകയിരുത്തിയ തുക (മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ₹300000 |
| ചെലവഴിച്ച തുക | ₹300000 |
| ബിൽ നമ്പർ , തിയ്യതി , തുക | 19220352010100,13.12.19 (NEFT) |

പ്രോജക്റ്റ് പ്രകാരം എൻ ആർ എച്ച് എം ഹോമിയോ ഡിസ്പെൻസറിക്കും ,കതിരൂർ ഗവ. ഹോമിയോ ഡിസ്പെൻസറിക്കും ഹോമിയോ മരുന്ന് സപ്ലൈ ചെയ്യുന്നതിന് 3,00,000 രൂപ ആലപ്പുഴ Homco എന്ന സ്ഥാപനത്തിന് ഒടുക്കിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം-PF1165 ,30.11.19 ). എന്നാൽ കതിരൂർ ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് ഒരു വർഷത്തിന് ശേഷമാണ് മരുന്ന് ലഭിച്ചിട്ടുള്ളത് ( LF-2191 ,30.01.21 ). ലഭിച്ച മുഴുവൻ മരുന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 08.01.21 നാണ് ഇൻഡെന്റ് തയ്യാറാക്കി അയച്ചിരിക്കുന്നത്. മുൻകൂർ തുക നൽകുമ്പോൾ Homco യുമായി കരാറിൽ ഏർപ്പെടുന്നില്ല . മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം -2/ 21.06.21 ) മുൻ വർഷത്തിലെ മരുന്ന് വൈകി ലഭ്യമായത് കൊണ്ടാണ് ഇൻഡെന്റ് തയ്യാറാക്കാൻ കാലതാമസം ഉണ്ടായതെന്നും മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ച് തന്നെയാണ് സപ്ളൈ ഓർഡർ നൽകിയതെന്നും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ലാ എന്നുമാണ് അറിയിച്ചത്. 2019-20 വർഷത്തെ മരുന്നിന്റെ ആവശ്യകത നിർണ്ണയിക്കാതെ യാണ് പദ്ധതി രൂപീകരിച്ചതെന്ന് വ്യക്തമാണ്. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല എന്നതും ഇതിന് കാരണമായിട്ടുണ്ട്. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്. മരുന്നുകളുടെ ആവശ്യകത ഉറപ്പാക്കി മാത്രം പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ്. മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ് . മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 1-26 തെരുവ് വിളക്ക് റിപ്പയറിംഗും മാറ്റി സ്ഥാപിക്കലും അപാകതകൾ -തുക 2,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്&നം | തെരുവ് വിളക്ക് റിപ്പയറിംഗും മാറ്റി സ്ഥാപിക്കലും<br>115/20 |
| അടങ്കൽ | 3,10,500 (തനത് ഫണ്ട്) |
| ചെലവ് | 2,00,000 (തനത് ഫണ്ട്) |
| ചെക്ക് നം &തീയതി&തുക | 21900997 തീയതി 20.1.2020-2,00,000 |

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചു പ്രകാരം 2 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കെൻകോസ്-കതിരൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾകാണുന്നു

1-ടെണ്ടറിൽ എസ്റ്റിമേറ്റ് തുക, റിപ്പയർ ചെയ്യേണ്ട വിവിധം തരം വിളക്കുകൾക്ക് നിശ്ചയിച്ച നിരക്ക് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ല. കരാർ കാലാവധി രേഖപ്പെടുത്തിയിട്ടില്ല .

2-എത്ര വിളക്കുകൾ റിപ്പയർ ചെയ്തു എന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടില്ല. റിപ്പയർ ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത ആകെ വിളക്കുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3.തെരുവ് വിളക്കു കേടായതിന്റെ വിവരം എഴുതുന്ന പരാതി രജിസ്റ്ററിൽ , പ്രോജക്ട് നിർവ്വഹണ ഘട്ടം ആരംഭിയ്ക്കുന്ന 10/2019 മാസം മുതലുള്ള വിവരം മാത്രമാണ് എഴുതിയത്.

4..തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗരേഖ -2011 (സർക്കുലർ നമ്പർ 3055/ഡി.എ.3/ 2011/ത.സ്വ.ഭ.വ. 15-09-2011) ഖണ്ഡിക 2.എഫ് പ്രകാരം ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ആനുപാതിക തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറയ്ക്ക് മൂന്നുമാസം കൂടുമ്പോൾ അടക്കേണ്ടതാണ് . അടങ്കലിന്റെ 64 % തുക ഒരുമിച്ച് നൽകി

5. വിളക്കുകൾ റിപ്പയർ ചെയ്തതതായി കെ എസ് ഇ ബി യുടെ ഇൻസറ്റലേഷൻ സാക്ഷ്യപത്രം നൽകിയിട്ടില്ല

6. സ്ഥാപിച്ച സ്പെയർ പാർട്ടുകളുടെ എണ്ണം, പുതിയത് എത്ര വച്ചു, അഴിച്ചുമാറ്റിയ സ്പെയർ പാർട്ടുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചത് , ഇവ മൊത്തമായി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയത് ഉടങ്ങിയവയുടെ കണക്കുകളോ, രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല .
7.കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9 /22.6.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ മേൽ പറഞ്ഞ കാരണങ്ങളാൽ ഈ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുക 2,00,000തടസ്സപ്പെടുത്തുന്നു.
ടെണ്ടർ ക്ഷണിക്കുമ്പോൾ, പഞ്ചായത്തിലെ വിളക്കുകളുടെ എണ്ണം തരം എന്നിവ പരാമർശിക്കുകയും ,ടെണ്ടർ തുറക്കുന്ന സമയത്ത് ഇപ്രകാരമാണോ ടെണ്ടറുകൾ സമർപ്പിച്ചതെന്ന് പരിശോധിക്കേണ്ടതും ആയതിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായംഏർപ്പെടുത്തുകയും ,തെരുവ് വിളക്കുകളുടെ രജിസ്റ്ററും ,തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്ററും കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-27 ഗ്യാസ് ക്രിമിറ്റോറിയം A M Cപ്രവൃത്തി - കരാർ വ്യവസ്ഥകളുടെ പരിപാലനം ഉറപ്പ് വരുത്തുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്&നം | കതിരൂർ ഗ്രാമ പഞ്ചായത്ത്-ആധുനിക ഗ്യാസ് |

| | |
|---|---|
| | ക്രിമിറ്റോറിയം A M Cപ്രവൃത്തി |
| അടങ്കൽ | 1,75,000(തനത് ഫണ്ട്) |
| ചെലവ് | 1,31,250 (തനത് ഫണ്ട്) |
| ചെക്ക് നം &തീയതി&തുക | 21900451 തീയതി 24.8.2019 - 43,750<br>21900648 തീയതി 17.10.2019 - 43,750<br>21901068 തീയതി10.02.2020 - 43,750 |

കതിരൂർ ഗ്രാമ പഞ്ചായത്തിലെ ആധുനിക ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ പരിപാലനത്തിനായി 1,31,250 രൂപ ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് ,പാനായിക്കുളം,ആലുവ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കരാർ കാലാവധി 16.3.2019 മുതൽ 15.3.2020 വരെയാണ്. ഇതിൽ മൂന്ന് ഗഡുക്കൾ @43,750 നൽകിയിട്ടുണ്ട്. ഓരോ ക്വാർട്ടറും ആരംഭിക്കുന്നതിന് മുൻപായി മുൻകൂറായി തുക നൽകുകയാണ് ചെയ്തത്.

ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകളിൽ റുട്ടീൻ മെയിന്റനൻസ്, സർവ്വീസിംഗ് , പെയിന്റിംഗ് മുതലായവചെയ്യുമെന്ന ഉടമ്പടി വച്ചിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥകൾ പൂർണ്ണമായും സ്ഥാപനം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടപ്പോൾ 2019-20ലും2020-21 ലും ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ ഒരുമിച്ച് ഹാജരാക്കുകയാണ് ചെയ്തത് (കത്ത് നം -HTPCL/2021-22/182Dt 18.6.2021). ഓരോ ക്വാർട്ടറിലും തുക നൽകുന്ന മുറയ്ക്ക് തന്നെ പ്രവൃത്തി വിവരങ്ങൾ ലഭ്യമാക്കി കരാർ വ്യവസ്ഥകൾ പൂർണ്ണമായും സ്ഥാപനം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

## 1-28 സെർവ്വർ കമ്പ്യൂട്ടറിന് A M C- രേഖകൾ ഹാജരാക്കിയിട്ടില്ല .തുക21,830 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ്&നം | സെർവ്വർ കമ്പ്യൂട്ടറിന് A M C<br>117/20 |
| അടങ്കൽ | 30,000 (തനത് ഫണ്ട്) |
| ചെലവ് | 21,830 (തനത് ഫണ്ട്) |
| വൗച്ചർ നം &തീയതി&തുക | 21900510 തീയതി 4.9.2019- 21,830 |

സെർവ്വർ കമ്പ്യൂട്ടറിന് A M C എന്ന പദ്ധതിയ്ക്ക് വേണ്ടി വെർട്ടെക്സ് ടെക്നോ സൊല്യൂഷൻസ്-കൊച്ചി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് തുക നൽകിയിട്ടുണ്ട്- പദ്ധതിയുമായി ബന്ധപ്പെട്ട ക്വട്ടേഷൻ നോട്ടീസ് , പങ്കെടുത്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ, A M C യുടെ കാലാവധി ,സ്ഥാപനം ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം11-22.6.2021 )മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 21,830 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-29 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 110/20, കന്നുകുട്ടി പരിപാലന പദ്ധതി (സ്പിൽ ഓവർ ) |
| അടങ്കൽ | തനത് ഫണ്ട് 62,500<br>സംസ്ഥാനാവിഷ്കൃത വിഹിതം 62,500<br>മറ്റുള്ളവ 125000 |
| ചെലവ് | ട്രഷറി ചെക്ക് നമ്പർ 5550923 |

| | |
|---|---|
| | തീയതി 26/7/19 62500 |

മേൽ പദ്ധതി പ്രകാരം അംഗീകരിച്ച 10 കന്നുകുട്ടികൾക്കുള്ള കന്നുകുട്ടി പരിപാലന വിഹിതമായി 62500 രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബി പി, കണ്ണൂർ എന്നവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിക്ക് വേണ്ടി സംസ്ഥാനാവിഷ്കൃത വിഹിതത്തിന്റെ ചെലവ് വിവരം ലഭ്യമല്ല. സംസ്ഥാനാവിഷ്കൃത വിഹിതം ലഭ്യമാവാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മേൽ വിഹിതം അനുവദിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. മേൽ പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-30 പട്ടികജാതി സാംസ്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ ,പേര് 111/2020, പട്ടികജാതി സാംസ്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങൽ

അടങ്കൽ തനത് ഫണ്ട് 10000

ജില്ലാ പഞ്ചായത്ത് വിഹിതം 190000

ചെലവ് - 190000 (സാങ്ഷൻ ഓർഡർ നമ്പർ 83 തീയതി 19/8/19)

9172(സാങ്ഷൻ ഓർഡർ നമ്പർ 84 തീയതി 19/8/19)

പട്ടികജാതി സാംസ്കാരിക നിലയത്തിന് അടിസ്ഥാനസൗകര്യ വികസനം എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച മേൽ പദ്ധതി പ്രകാരം പട്ടികജാതി സാസ്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങിയ ഇനത്തിൽ റബ്കോ ഫർണിച്ചറിന് 124172 രൂപയും അസീം ഡിസൈനേഴ്സ് & ഇന്റീരിയേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് 75000രൂപയും നൽകിയിട്ടുണ്ട് പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1 മേൽ പ്രോജക്ടിന് വേണ്ടി തനത് ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ തുക നൽകിയ ചെക്കിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2 അംഗീകരിച്ച പദ്ധതി രേഖപ്രകാരം അലമാര (മരം കൊണ്ടുള്ളത് -രണ്ട്), മേശ വലുത് -ഒന്ന്, കസേര (മരം കൊണ്ടുള്ളത്( ഒന്ന്), ഫൈബർ ചെയർ (100എണ്ണം ), ടിവി ഒന്ന്,ഡയസ്, മേശ ചെറുത് -ഒന്ന് എന്നിവയ്ക്കാണ് തുക വകയിരുത്തിയത് പദ്ധതി രൂപീകരിച്ച ശേഷം റബ്കോ ഫർണിച്ചറിന് വിലവിവരം നൽകാൻ വേണ്ടി നൽകിയ കത്തിൽ ഷെൽഫ് വിത്ത് വുഡൻഡോർ,ഷെൽഫ് വിത്ത് ഗ്ലാസ്സ് ഡോർ, മേശ വലുത്, മേശ ചെറുത്, കസേര (എക്സിക്യൂട്ടിവ് ടൈപ്പ്), ഡയസ് എന്നിവയുടെ വിലവിവരം ആവശ്യപ്പെട്ടെങ്കിലും ഷെൽഫ് വിത്ത് വുഡൻഡോർ(1),ഷെൽഫ് വിത്ത് ഗ്ലാസ്സ് ഡോർ (2), എക്സിക്യൂട്ടീവ് ടേബിൾ, (1) എക്സിക്യൂട്ടീവ് ചെയർ (4)എന്നിവയും അസീം & ഇന്റീരിയേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ വഴി ഫൈബർ ചെയർ (100 എണ്ണം ), ടിവി (32 ഇഞ്ച്) എന്നിവയും ആണ് വാങ്ങിയത്, എന്നാൽ അംഗീകരിച്ച പദ്ധതി രേഖയിൽ അലമാര മരം കൊണ്ടുള്ളതിന് 20000 രൂപയൂണിറ്റ് കോസ്റ്റ് കാണിച്ച് രണ്ട് അലമാരക്കുള്ള തുക വകയിരുത്തുകയാണ് ചെയ്തത് . എന്നാൽ റബ്കോയിൽ നിന്ന് 19868 രൂപക്ക് മൂന്ന് അലമാര വാങ്ങിയിട്ടുണ്ട് .

3 കസേര മരം കൊണ്ടുള്ളതിന് (ഒന്നിന്) 6000 രൂപയാണ് പദ്ധതിയിൽ വകയിരുത്തിയത്. എന്നാൽ റബ്കോയിൽ നിന്നും 5853 രൂപക്ക് നാല് കസേര വാങ്ങികയും ചെയ്തു .

4 പദ്ധതിയിൽ മേശ ചെറുതിന് 10000 രൂപയും ഡയസിന് 30000 രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് വാങ്ങിയതായും കാണുന്നില്ല.

അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയതിന് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാസ്കാരിക നിലയത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുക എന്നലക്ഷ്യത്തോടെ രൂപീകരിച്ച ഈ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന്റെ വികസനത്തിനായി ലഭിച്ച ഫണ്ട് ഒട്ടും നഷ്ടപ്പെടുത്താതെ വകയിരുത്തിയ തുകയിൽ മാറ്റം വരുത്താതെ ഭരണസമിതി, പ്രോക്യർമെന്റ് കമ്മിറ്റി തീരുമാനംഅനുസരിച്ചാണ് പദ്ധതി നടപ്പാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, വാർഡ്സഭ,വികസന സെമിനാർ എന്നിവയിലൂടെ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ വ്യക്തമായ ആസൂത്രണനടപടിക്രമങ്ങൾ പാലിച്ചും ഭരണസമിതി അംഗീകരിച്ചും

സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് പ്രോജക്ട് ഡാറ്റാ എൻട്രി നടത്തുന്നത് . പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തുമ്പോൾ ഭരണസമിതി അംഗീകാരത്തോടെ പ്രോജക്ട് ഭേദഗതി ചെയ്യേണ്ടതാണ്. പദ്ധതി നിർവ്വഹണം അംഗീകരിച്ച പദ്ധതിരേഖ പ്രകാരം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-31 അംഗൻവാടികൾ-അവലോകനം</u>

കതിരൂർ ഗ്രാമപഞ്ചായത്തിൽ ആകെ 30 അങ്കണവാടികളാണുള്ളത്. ഇവയിൽ 22 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 17 എണ്ണത്തിന് മാത്രമാണ് കുടിവെള്ളസൗകര്യമുള്ളത്. 3എണ്ണത്തിൽ മാത്രമേ ശിശുസൗഹൃദടോയ്‌ലറ്റുള്ളൂ. മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും ചുറ്റുമതിലും കുടിവെള്ളസൗകര്യവും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-32 തുക മുൻകൂർ നൽകി - മരുന്ന് ലഭ്യമായിട്ടില്ല- തുക 200000 തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)

പ്രോജക്ടിന്റെ പേര് : കുടുംബ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ : 32

അടങ്കൽ : 2,00,000-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് : 2,00,000ബിൽ നമ്പർ 28/19-20 തീയതി-30.3.20

എന്ന പദ്ധതിയുടെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 2,00,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട് ( ഇൻവോയിസ് നം PRF 2890. തീയതി 2-2-19). എന്നാൽ നാളിതുവരെയായും മരുന്ന് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21 തീയതി 23-6-21) മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ ചെലവ് തുക 2,00,000രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-33 വൗച്ചർ ലഭ്യമാക്കിയില്ല.11200 രൂപ തടസ്സപ്പെടുത്തുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)
പ്രോജക്ടിന്റെ പേര് : സമഗ്ര ആരോഗ്യ പദ്ധതി
പ്രോജക്ട് നമ്പർ :31
അടങ്കൽ : 30000-തനത് ഫണ്ട്
ചെലവ് : 11200 ചെക്ക് നം 5550980/12-2-2020

സമഗ്ര ആരോഗ്യ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 11200 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21 തീയതി 23-6-21) മറുപടി ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 11200 രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-34 മെഡിക്കൽ ഓഫീസർ ( ഹോമിയോ) - ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം</u>

ഹോമിയോ മെഡിക്കൽ ഓഫീസർ ഡിപ്പാർട്ട്മെന്റ് ഫണ്ട് , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് ടി ആർ 7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. എന്നാൽ എല്ലാ വരവ് ചെലവുകളും രേഖപ്പെടുത്തുന്നില്ല . 2019-20 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച ചെക്കുകളുടെ വരവ് വിവരം മാത്രമാണ് ചേർത്തിട്ടുള്ളത്. ട്രഷറി മുഖാന്തിരം മാറിയ ബില്ലുകളുടെ വരവ് വിവരം രേഖപ്പെടുത്തുന്നില്ല . ജി ഒ(പി) നം 177/2006/ഫിൻ, തീയതി-12.04.2006 ലെ ഖ-18.3 പ്രകാരം ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-35 ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകം

ജി ഒ (പി) നം 177/2006/ഫിൻ തീയതി 2-4-2006 ഖണ്ഡിക 18.3,18.5 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 -എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട് മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ഓഡിറ്റിന്ന ലഭ്യമാക്കിയ ടി ആർ 7 -എ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 2019-20 വർഷം കുടുംബ ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി ചെലവഴിച്ച 200000 രൂപയുടെ (മെയിന്റനൻസ് ഫണ്ട് റോഡിതരം) തുകയുടെ വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന ലഭിക്കുന്ന ഫണ്ടിന്റെ ചെക്ക്/ഡി ഡി ഉൾപ്പെടെയുള്ള വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്

## 1-36 SSA വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ ,പേര് | SSA ക്ക് വിഹിതം നൽകൽ<br>4/20, |
| അടങ്കൽ | വികസന ഫണ്ട് 1000000 |
| ചെലവ് | 1/19-20തീയതി 30/7/19 1000000 |

മേൽ പദ്ധതി പ്രകാരം SSA വിഹിതമിനത്തിൽ 10 ലക്ഷം രൂപ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ SSA എന്നവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്ക് SSAഫണ്ട് വിനിയോഗിച്ചത് സംബന്ധിച്ചുള്ള വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 1-37 കേരളോത്സവം -പദ്ധതി നിർവ്വഹണം ചെലവ് രേഖകൾ ഹാജരാക്കിയില്ല -98603 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ ,പേര് | 22/20, കേരളോത്സവം |
| അടങ്കൽ | തനത് ഫണ്ട് 100000<br>മറ്റുള്ളവ 20000 |
| ചെലവ് | 98,603 (78603 തനത് ഫണ്ട്+ 20000 മറ്റുള്ളവ) |
| ട്രഷറി ചെക്ക് 5550956 തീയതി6/12/19 | 53,103രൂപ |
| ട്രഷറി ചെക്ക് 5558201തീയതി 11/03/2020 | 5,000രൂപ |
| ട്രഷറി ചെക്ക് 5550957 തീയതി 6/12/2019 | 15,000രൂപ |
| ട്രഷറി ചെക്ക് 5558208തീയതി 18/3/2020 | 25,500 രൂപ |

മേൽ പദ്ധതി പ്രകാരം മേൽകാണിച്ച വിവിധ ചെക്കുകളിലായി 98603 രൂപയുടെ ചെലവുണ്ടെങ്കിലും ചെലവിനാധാരമായ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ്

തുകയായ 98,603 രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 8/22.06.2021) ചെലവ് രേഖകൾ കാണാതായതാണെന്നും ആയത് കണ്ടെത്തി സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്

## 1-38 തുടർ വിദ്യാഭ്യാസ പദ്ധതി - പദ്ധതി നിർവ്വഹണ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ ,പേര് | 24/20, തുടർവിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | തനത് ഫണ്ട് 200000 |
| ചെലവ് | 190050 |
| ചെക്ക്നം 5558223 തീയതി30/3/2020 | 57200രൂപ |
| ചെക്ക്നം 5558223 തീയതി30/3/2020 | 62500രൂപ |
| ചെക്ക്നം 5558221 തീയതി30/3/2020 | 70350 രൂപ |

മേൽ പദ്ധതി പ്രകാരം പത്താംതരം തുല്യതക്ക് രജിസ്റ്റർ ചെയ്ത 11 പേരുടെയും പ്ലസ് വൺ തുല്യതകോഴ്സിന് രജിസ്റ്റർ ചെയ്ത 20 പേരുടെയും പ്ലസ് ടു വിന് രജിസ്ററർ ചെയ്ത 26 പേരുടെയും ഗുഡ് ഇംഗ്ലീഷ് കോഴ്സിന് രജിസ്റ്റർ ചെയ്ത 25 പേരുടെയും ഫീസ് ഇനത്തിൽ യഥാക്രമം 20350 രൂപ, 50000 രൂപ,57200 രൂപ 62500 രൂപ ചേർത്ത് ആകെ 190050 ജില്ലാ സാക്ഷരത മിഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ, ചെയ്തിട്ടുണ്ട്. ആയതിന്റെ രശീതി ഫയലിൽ ലഭ്യമല്ല. സാക്ഷരതമിഷന് തുക നൽകിയതിന്റെ രശീതി, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ, പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-39 ചിത്രഗ്രാമം പദ്ധതി - പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ ,പേര് 25/20, ചിത്രഗ്രാമം പദ്ധതി

അടങ്കൽ തനത് ഫണ്ട് 250000

ചെലവ് - 1,62,195

ചെക്ക് നമ്പർ 2163485 Dt 23/1/20 95,800രൂപ

ചെക്ക് നമ്പർ 2163486 Dt 25/2/20 42,810 രൂപ

ചെക്ക് നമ്പർ 5174859 Dt 1/10/19 23,585 രൂപ

മേൽ പദ്ധതി പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്ത് ചിത്രഗ്രാമം പദ്ധതി ഉദ്ഘാടനം ,സമാപനം പ്രചരണം , സാമഗ്രികൾ വാങ്ങൽ, പ്രദർശനം, സൂക്ഷിക്കൽ, സ്ഥിരപ്രദർശനം എന്നീ വിവിധ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തത് . എന്നാൽ പദ്ധതിയുടെ ഭാഗമായി ആർട്ടിസ്റ്റ്ക്യാമ്പ് (വോള്യം -4), ആർട്ടിസ്റ്റ്ക്യാമ്പ് (വോള്യം -5), എന്നിവയുടെ ചെലവിനത്തിലും ചിത്രകാരൻമാർക്കായി ക്യാൻവാസ്, അക്രൈലിക് പെയിന്റ് (100 എണ്ണം വീതം ) വാങ്ങുന്നതിനുമായിട്ടാണ് മേൽ തുക ചെലവഴിച്ചത്. ചിത്രകലയുടെ പ്രോത്സാഹനം, കതിരൂർ ആർട്ടഗ്യാലറിയുടെ വികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ആർട്ടിസ്റ്റ്ക്യാമ്പ് നടത്തുക വഴി ലഭ്യമായ ചിത്രങ്ങൾ ആർട്ട്ഗ്യാലറിയിൽ സൂക്ഷിച്ചിട്ടുണ്ടോ എന്നതുസംബന്ധിച്ചും മേൽ ചിത്രങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടോ എന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25.06.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-40 സ്കൂളുകൾക്ക് പാചകപാത്രം വാങ്ങൽ- പദ്ധതി നടത്തിപ്പ് അപാകങ്ങൾ-22,089 തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ ,പേര് SO036/29, സ്കൂളുകൾക്ക് പാചകപാത്രം വാങ്ങൽ

അടങ്കൽ വികസന ഫണ്ട് – 75000

തനത് ഫണ്ട് – 25000

ചെലവ് - ട്രഷറി ചെക്ക് നമ്പർ 5558224 Dt 30/3/20 -22089രൂപ

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ വിവിധ സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് പാചകപാത്രം വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ ഫിഡ്കോ എന്റർ പ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സ്ഥാപനത്തിൽ നിന്നും 97089 രൂപക്ക് 20സ്റ്റീൽ പ്രഷർകുക്കർ-പത്ത് ലിറ്റർ (4090*5) 5 സ്റ്റീൽ ബക്കറ്റ്(5*353) 5 സ്റ്റീൽ തവി (5*75) 22 സ്റ്റീൽ പ്ലേറ്റ് (90*22) എന്നിവ വാങ്ങിച്ചിട്ടുണ്ട് . സമർപ്പിച്ച മൂന്ന് ടെണ്ടറുകളിൽ ഗ്ലോബൽ അസോസിയേറ്റ്സ് എന്ന സ്ഥാപനം സ്റ്റീൽ കുക്കർ - പത്ത് ലിറ്റർ ( 3475 രൂപയും), സ്റ്റീൽബക്കറ്റ് (308 /329 രൂപയും) സ്ററീൽ പ്ളേറ്റ്(65/95 രൂപയും) സ്റ്റീൽ തവി (39/74 രൂപയും) വില ക്വോട്ട് ചെയ്തിട്ടും കൂടുതൽ വില ക്വോട്ട് ചെയ്ത ഫിഡ്കോവിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല . പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധിച്ചപ്പോൾ ലഭ്യമായ 20 സ്റ്റീൽ പ്രഷർകുക്കർ- വാങ്ങിയതിൽ പതിനേഴെണ്ണം മാത്രമേ സ്കൂളുകൾക്ക് വിതരണം ചെയ്തതിട്ടുള്ളൂ . സമർപ്പിച്ച രശീതികൾപ്രകാരം കനകമഠം എൽ പി സ്കൂൾ, കതിരൂർ ഈസ്റ്റ് എൽ പി സ്കൂൾ, പൊന്ന്യം വെസ്റ്റ് എൽ പി സ്കൂൾ എന്നിവയുടെ രശീതിയിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. വാങ്ങിച്ച പ്രഷർകുക്കർ വിതരണം ചെയ്തത് സംബന്ധിച്ച പൂർണ്ണ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 22,089 തടസ്സപ്പെടുത്തുന്നു. മേൽ ബില്ലിൽ വികസന ഫണ്ടിൽ ഉണ്ടായ ചെലവ് 75,000 ക്യൂബില്ലിൽ ഉൾപ്പെട്ടതിനാൽ അടുത്ത സാമ്പത്തിക വർഷമാണ് ചെലവ് നടന്നിട്ടുള്ളത്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം - 14 തീയതി 23.6.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.6.2021മുതൽ 23.6.2021 വരെ | വാർഷിക കണക്കുകളുടെ ഓഡിറ്റിൽ പരിശോധിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,27,500 | പച്ചക്കറികൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 1,27,500 | |
| | 85,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 85,000 | |
| | 1,00,000 | പാലിന് സബ്സിഡി | 1,00,000 | |
| | 1,50,000 | സാന്ത്വന ചികിത്സ | 1,50,000** | |
| | 3,00,000 | കുടുംബാരോഗ്യകേന്ദ്രത്തിന് സോളാർ സ്ഥാപിക്കൽ | 3,00,000 | |
| | 2,00,000 | ശാരീരികമാനസീകവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | |
| | | ബഡ്സ് സ്കൂളിന് കെട്ടിടനിർമ്മാണം | 4,50,000* | |
| | 45,000 | ഗവ: എൽ പി സ്കൂൾ ഒന്നാം ക്ലാസ്സ് ഒന്നാ തരം പദ്ധതി | 0 | 45,000 |
| ജില്ലാ പഞ്ചായത്ത് | 1,50,000 | സാന്ത്വന ചികിത്സ | 1,50,000 | |
| | | ബഡ്സ് സ്കൂളിന് കെട്ടിടനിർമ്മാണം | 15,00,000* | 0 |
| | | പട്ടികജാതി സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ വാങ്ങൽ | 1,90,000* | 0 |

* മുന്നിരിപ്പുള്ള തുകയിൽ നിന്നും ചെലവഴിച്ചത്

** വാർഷീക ധനകാര്യപത്രികയിൽ 1,25,059 ന്റെ ചെലവാണ് കാണിച്ചിട്ടുള്ളത്

മുൻ വർഷം ജില്ലാ പഞ്ചായത്ത് വിഹിത മിനത്തിൽ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനായി നീക്കിയിരിപ്പുള്ള 12.50 ലക്ഷം രൂപയും ശുചിത്വമിഷൻ ഫണ്ടിനത്തിൽ നീക്കിയിരിപ്പുള്ള 171621 രൂപയും ഈ വർഷവും ചെലവഴിച്ചിട്ടില്ല. തുക വരും വർഷങ്ങളിലും ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3610 രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ& തീയതി |
|---|---|---|---|---|
| 2006-07 | 3-8(1) | 2357 | ശ്രീ.യു.വി .പ്രദീപ് (സെക്രട്ടറി) ) | 119010101949 തീയതി 3.7.2019 |
| 2006-07 | 3-8(3) | 353 | ശ്രീമതി.ടി.വി .ചന്ദ്രമതി (ക്ലാർക്ക്) | 119010101936 തീയതി 3.7.2019 |

| | | | | |
|---|---|---|---|---|
| 2006-07 | 3-8(5) | 900 | ശ്രീ.കെ.മോഹനൻ(ക്ലാർക്ക്) | 119010101761 തീയതി 25.6.2019 |
| | | 3610 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,2014-15 | 2-3<br>2-4 | 2016-17 | ഖ.2 | സ്ഥാപന തൊഴിൽ നികുതി<br>മണപ്പുറം ഫൈനാൻസിയേഴ്സ് -ഇംഗ്ലീഷ് മീഡിയം സ്കൂൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,21,93,875 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,34,57,667 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,852 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,53,722 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഉദ്യോഗപ്പേര് |
|---|---|---|
| 1-23 | 2852 | ശ്രീമതി.ഷാജ.എം(അസിസ്റ്റന്റ് എഞ്ചിനിയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 2,00,000 | [illegible] |

| | | |
|---|---|---|
| 1-26 | 2,00,000 | ശ്രീ.സുജിത്ത് പയ്യമ്പള്ളി (സെക്രട്ടറി) |
| 1-28 | 21,830 | ശ്രീ.സുജിത്ത് പയ്യമ്പള്ളി (സെക്രട്ടറി) |
| 1-32 | 2,00,000 | ഡോ.സാഹിന.എ.കെ (മെഡിക്കൽ ഓഫീസർ-F H C) |
| 1-33 | 11,200 | ഡോ.സാഹിന.എ.കെ (മെഡിക്കൽ ഓഫീസർ-F H C) |
| 1-37 | 98,603 | ശ്രീ.വിനോദൻ .പി (ഹെഡ്മാസ്റ്റർ) |
| 1-40 | 22,089 | ശ്രീ.വിനോദൻ .പി (ഹെഡ്മാസ്റ്റർ) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.സുജിത്ത് പയ്യമ്പള്ളി | സെക്രട്ടറി<br>കതിരൂർ ഗ്രാമ പഞ്ചായത്ത് | രാജ്ഞ ഭവൻ,<br>പിണറായി |
| ശ്രീമതി.ഷാജ.എം | അസിസ്റ്റന്റ് എഞ്ചിനിയർ,<br>L S G D-വിഭാഗം<br>കതിരൂർ ഗ്രാമ പഞ്ചായത്ത് | പൊയിൽ ഹൗസ്,<br>കോട്ടയം പൊയിൽ |
| ഡോ.സാഹിന.എ.കെ | മെഡിക്കൽ ഓഫീസർ-<br>F H C-കതിരൂർ | ശ്രീരാമ പുരം ,<br>ടെമ്പിൾ ഗേറ്റ് ,തലശ്ശേരി |
| ശ്രീ.വിനോദൻ .പി | (ഹെഡ്മാസ്റ്റർ)<br>റിട്ടയർ ചെയ്തു | ശ്രീപദം,<br>ധർമ്മടം (പി ഒ) |

## <u>4-11 ഓഡിറ്റ് ഇംപാക്ട്</u>

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക 28,770 രൂപ തിരിച്ചടച്ചിട്ടുണ്ട്

| ക്രമ നം | ഓഡിറ്റ് എൻക്വയറി നം&തീയതി | വിഷയം | തുക |
|---|---|---|---|
| 1 | 17തീയതി 23.6.21 | തൊഴിൽ നികുതി | 24,074 |
| 2 | 23തീയതി 23.6.21 | വർദ്ധിപ്പിച്ച ഡി എ കുടിശ്ശികയിൽ നിന്നും N P Sവിഹിതം ഈടാക്കാത്തത് | 4,696 |
| ആകെ | | | 28,770 |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം</u>

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 6 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 11 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 16 |
| 2009-10,10-11 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 3 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 6 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 3 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി9/220/2021, തീയതി, 23.04.2021 | 5 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.9/1018/2020 തിയ്യതി 05.01.2021 | 9 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./ സി.9/691/2020 തിയ്യതി 03.11.2020 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കതിരൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kadirur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18768056.95 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1388060.00 |
| 130000000 | Rental income from Panchayat Properties | RP-3 | 12500.00 |
| 140000000 | Fees & User Charges | RP-4 | 2894258.00 |
| 150000000 | Sale & Hire Charges | RP-5 | 207474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 29148787.00 |
| 171000000 | Interest Earned | RP-9 | 217180.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3176382.00 |
| 350000000 | Other Liabilities | RP-36 | 89000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 330950.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 31564.00 |
| 311000000 | Earmarked Funds | RP-29 | 93712.00 |
| 340000000 | Deposits Received | RP-34 | 111224.00 |
| 350000000 | Other Liabilities | RP-36 | 223689.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4242795.00 |
| 460000000 | Loans, Advances and Deposits | RP-47 | 26300.00 |
| | Grand total | | 60961931.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4019235.00 |
| 220000000 | Administrative Expenses | RP-12 | 1013975.00 |
| 230000000 | Operations & Maintenance | RP-13 | 2301964.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1929975.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 9147934.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1086694.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 77789.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 507000.00 |
| 255000000 | Maintenance Projects | RP-20 | 3309213.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 60.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 205000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 562886.00 |
| 350000000 | Other Liabilities | RP-36 | 5955733.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 695.00 |
| 311000000 | Earmarked Funds | RP-29 | 29000.00 |
| 340000000 | Deposits Received | RP-34 | 61005.00 |
| 350000000 | Other Liabilities | RP-36 | 3839709.00 |
| 410000000 | Fixed Assets | RP-38 | 7398079.00 |
| 412000000 | Capital work in Progress | RP-40 | 1286755.00 |
| 460000000 | Loans, Advances and Deposits | RP-47 | 724966.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17504264.95 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 60961931.95 |

## Annex-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kadirur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5831750.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 77036.00 |
| 140000000 | Fee & User Charges | I-4(b) | 3253258.00 |
| 150000000 | Sale & Hire Charges | I-5(b) | 217474.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 71823352.00 |
| 171000000 | Interest Earned | I-8 | 217180.00 |
| 180000000 | Other Income | I-9 | 31564.00 |
| | Total Income | | 81451614.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12255588.00 |
| 220000000 | Administrative Expenses | I-11(b) | 1028975.00 |
| 230000000 | Operations & Maintenance | I-12(b) | 3693042.00 |
| 240000000 | Interest & Finance Charges | I-13 | 695.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2120025.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 22326884.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1086694.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 77789.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 25488500.00 |
| 255000000 | Maintenance Projects | I-14(e) | 3309213.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 60.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 205000.00 |
| 272000000 | Depreciation | I-17(a) | 10939760.00 |
| | Total Expenditure | | 82532225.00 |
| | Gross Surplus/ Deficit of income over Expenditure | | -1080611.00 |
| 280000000 | Prior Period Item | I-18 | 88510.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1169121.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex-3-3

## ബാലൻസ് ഷീറ്റ്

| Kadirur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11415683.36 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 428561.00 |
| 312000000 | Reserves | B-3 | 55082260.00 |
| | Total Reserve & Surplus | | 66926504.36 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4225167.00 |
| | Total Grants, Contributions for Specific Purposes | | 4225167.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 351794.00 |
| 341000000 | Deposits Works | B-8 | 2402.00 |
| 350000000 | Other Liabilities | B-9 | 1049875.00 |
| | Total Current Liabilities and Provisions | | 1404071.00 |
| | TOTAL LIABILITIES | | 72555742.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 95312606.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -41132709.59 |
| 412000000 | Capital Work in Progress | B-11(a) | 23889.00 |
| | Total Fixed Assets | | 54203785.41 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 158945.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 17504264.95 |
| 460000000 | Loans, Advances and Deposits | B-18 | 688747.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 0.0 |
| Total Current Assets, Loans and Advances | 18351956.95 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 72555742.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.